പതിമൂന്നാം കേരള നിയമസഭ - ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1914 — 17/12/2012 - ൽ മറുപടിക്ക്

## ആർ. ഐ. ഡി. എഫ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. ശശി: | ശ്രീ.കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) ഫിഷറീസ് വകുപ്പ് 2011-12-ൽ ആർ.ഐ.ഡി.എഫ്. പ്രോജക്ടുകൾ ഏറ്റെടുത്തിട്ടുണ്ടായിരുന്നോ; | (എ) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പും കേരള തീരദേശ വികസന കോർപ്പറേഷനും 2011-12 ൽ ആർ.ഐ.ഡി.എഫിൽ ഉൾപ്പെടുത്തി പ്രോജക്ടുകൾ ഏറ്റെടുത്തിട്ടുണ്ടായിരുന്നു. |
| (ബി) എങ്കിൽ അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (ബി) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് 2011-12 ൽ ആർ.ഐ.ഡി.എഫിൽ ഉൾപ്പെടുത്തി 8 പാലങ്ങളുടെയും 2 മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങളുടെയും നിർമ്മാണത്തിന് അംഗീകാരം നൽകിയിരുന്നു. അവ ചുവടെ ചേർക്കുന്നു. |

1. ആലപ്പുഴ ജില്ലയിലെ പതിയാംകര പാലം - 325 ലക്ഷം രൂപ.
2. ആലപ്പുഴ ജില്ലയിലെ കൊപ്പാരക്കടവ് പാലം - 930 ലക്ഷം രൂപ.
3. എറണാകുളം ജില്ലയിലെ നമ്പ്യാപുര കാട്ടിപ്പറമ്പ് പാലം - 140 ലക്ഷം രൂപ.
4. എറണാകുളം ജില്ലയിലെ കുമ്പളം നെട്ടൂർ പാലം - 1500 ലക്ഷം രൂപ.

5. എറണാകുളം ജില്ലയിലെ ചക്കരെച്ചാൽ സ്ലൂയിസ് കം ബ്രിഡ്ജ് - 135 ലക്ഷം രൂപ.
6. കൊല്ലം ജില്ലയിലെ ചീക്കാംതുരുത്ത് പുത്തൻ തുരുത്ത് നടപ്പാലം - 125 ലക്ഷം രൂപ.
7. കൊല്ലം ജില്ലയിലെ കുമ്പോളച്ചിറ നീലേശ്വരം തോപ്പുപാലം - 150 ലക്ഷം രൂപ.
8. മലപ്പുറം ജില്ലയിലെ ഓട്ടുംപുറം കെട്ടുങ്കൽ കടവ് പാലം - 2670 ലക്ഷം രൂപ.
9. വലിയഴീക്കൽ മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രത്തിന്റെ അധിക സൗകര്യങ്ങൾ - 235 ലക്ഷം രൂപ.
10. ആനാപ്പുഴ മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രം - 81 ലക്ഷം രൂപ.

തീരദേശ വികസന കോർപ്പറേഷൻ 2011-12 ൽ 10.89 കോടി രൂപയുടെ ആർ.ഐ.ഡി.എഫ് പ്രോജക്ടുകൾ ഏറ്റെടുത്തിട്ടുണ്ട്. അവ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | തുക (ലക്ഷത്തിൽ) |
|---|---|---|
| 1. | കൊല്ലംകോട് കുടിവെള്ള പദ്ധതി | 40.00 |
| 2. | ആധുനിക ഫിഷ് ലാന്റിംഗ് സെന്ററുകൾ | 270.00 |
| 3. | പെരുമാതുറ എൽ.പി.സ്ക്കൂൾ കെട്ടിട നിർമ്മാണം | 70.00 |
| 4. | തണൽഷെഡ് നിർമ്മാണം | 60.00 |

| | | |
|---|---|---|
| 5. | അഞ്ചുതെങ്ങ് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ പുതിയ ബ്ലോക്ക് നിർമ്മാണം | 123.00 |
| 6. | സോളാർ ഫിഷ് ഡ്രൈയിംഗ് യൂണിറ്റ്, പൂവാർ | 63.00 |
| 7. | അടിമലത്തുറ ഡ്രൈൻ നിർമ്മാണം | 146.00 |
| 8. | പുല്ലുവിള ബീച്ച് റോഡ് നിർമ്മാണം | 43.00 |
| 9. | പൂവാർ-കരിംകുളം കുടിവെള്ള പദ്ധതി | 274.00 |
| | ആകെ | 1089.00 |

(സി) ഇതിനായി 2011-12 ബഡ്ജറ്റിൽ വകകൊള്ളിച്ചിരുന്നത് എന്ത് തുകയാണ്; ഇതിൽ എത്രലക്ഷം രൂപ ചെലവഴിച്ചു; അത് ഏതെല്ലാം പ്രോജക്ടുകൾക്കാണ് ചെലവഴിച്ചത്;

(സി) പുരോഗമിച്ചു വരുന്നതും ഇനി ഏർപ്പാടാക്കേണ്ടതുമായ ആർ.ഐ.ഡി.എഫ് പ്രവൃത്തികൾക്കായി 2011-12 വർഷത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് 500 ലക്ഷം രൂപ ബഡ്ജറ്റിൽ വക കൊള്ളിച്ചിരുന്നു. തുടർന്ന് എസ്.ഡി.ജി വഴി 1000 ലക്ഷം രൂപയും റീ അപ്രോപ്രിയേഷൻ വഴി 85.85 ലക്ഷം രൂപയും ഉൾപ്പെടെ ആകെ അനുവദിച്ചത് 1585.85 ലക്ഷം രൂപയാണ്. ഇതിൽ 1585.85 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്. 2011-12 സാമ്പത്തിക വർഷത്തിനു മുൻപ് അംഗീകാരം കിട്ടിയ പദ്ധതികൾക്കാണ് തുക ചെലവഴിച്ചത്. ടി പദ്ധതികൾ സംബന്ധിച്ച് ചുവടെ ചേർക്കുന്നു.

1. ചെല്ലാനം മത്സ്യബന്ധന തുറമുഖം - 1071.17 ലക്ഷം രൂപ.
2. പെരുമാതുറ താഴംപളളി പാലം - 370.77 ലക്ഷം രൂപ.
3. ആർ.എഫ്.റ്റി.എച്ച്.എസ് താനൂർ - 62.24 ലക്ഷം രൂപ.

4. കൈയ്പമംഗലം ഫിഷ്‌ലാന്റിംഗ് സെന്റർ - 08.83 ലക്ഷം രൂപ.
5. പറവണ്ണ ഫിഷ്‌ലാന്റിംഗ് സെന്റർ - 39.46 ലക്ഷം രൂപ.
6. കോട്ടക്കീൽ ഫിഷ്‌ലാന്റിംഗ് സെന്റർ - 33.38 ലക്ഷം രൂപ.

പദ്ധതി നിർവ്വഹണത്തിനായി 2011-12 ബഡ്ജറ്റിൽ ഫിഷറീസ് വകുപ്പിന് 500 ലക്ഷം രൂപ വക കൊള്ളിച്ചിരുന്നു. ഇതിൽ 87.41 ലക്ഷം രൂപ ചെലവഴിച്ചു. അവ ചുവടെ ചേർക്കുന്നു.

(1) കൊല്ലംകോട് കുടിവെള്ള പദ്ധതി - 3.84 ലക്ഷം രൂപ.
(2) ആധുനിക ഫിഷ് ലാന്റിംഗ് സെന്ററുകൾ - 70.78 ലക്ഷം രൂപ.
(3) തണൽഷെഡ് നിർമ്മാണം - 12.79 ലക്ഷം രൂപ.

| | | | |
|---|---|---|---|
| (ഡി) | ബഡ്ജറ്റിൽ വകകൊള്ളിച്ച തുക പൂർണ്ണമായും ചെലവഴിക്കാത്തതിനുള്ള കാരണം വ്യക്തമാക്കുമോ? | (ഡി) | ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഴുവൻ തുകയും ചെലവഴിച്ചിട്ടുണ്ട്. ഫിഷറീസ് വകുപ്പ് പദ്ധതി നിർവ്വഹണത്തിന് 3 വർഷം സമയം അനുവദിച്ചിട്ടുള്ളതിനാൽ പദ്ധതികളെല്ലാം തന്നെ സമയബന്ധിതമായി പൂർത്തീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ